**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2804** **14-09-2023 - ൽ മറുപടിയ്ക്ക്**

**കയർ ഭൂവസ്ത്ര നിർമ്മാണം**

| **ചോദ്യം** | | **ഉത്തരം** | |
|---|---|---|---|
| **ശ്രീ. എ. സി. മൊയ്‌തീൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | പരിസ്ഥിതി സൗഹൃദമായ കയർ ഭൂവസ്ത്രങ്ങളുടെ വിപണി യിലെ സാധ്യതകളെക്കുറിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; | (എ) | പഠനം നടത്തിയിട്ടുണ്ട്. |
| (ബി) | വാണിജ്യാടിസ്ഥാനത്തിൽ എത്ര ജില്ലകളിലാണ് ഭൂവസ്ത്രം ഉത്പാദനം നടത്തുന്നത്; | (ബി) | പ്രധാനമായും ആലപ്പുഴ ജില്ല കേന്ദ്രീകരിച്ചാണ് കയർ ഭൂവസ്ത്ര നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നത്. കോട്ടയം ജില്ലയിലെ ഒരു സംഘത്തിലും കയർ ഭൂവസ്ത്രനിർമ്മാണം നടക്കുന്നുണ്ട്. |
| (സി) | ഭൂവസ്ത്ര നിർമ്മാണത്തിന് ആഗോളവിപണിയിൽ ശ്രദ്ധ ലഭ്യമാക്കാൻ എന്തെല്ലാം പദ്ധതികൾക്കാണ് രൂപം നൽകിയിട്ടുള്ളത്; വിശദമാക്കാമോ? | (സി) | പ്രകൃതി സൗഹൃദമായ കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വിദേശ രാജ്യങ്ങളിൽ വ്യാപിപ്പിക്കുന്നതിലേയ്ക്കായി കയർ പൊതുമേഖലാസ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ ലിമിറ്റഡ് വിവിധ രാജ്യങ്ങളിലേയ്ക്ക് നേരിട്ട് ഭൂവസ്ത്രം കയറ്റി അയയ്ക്കുകയും, വിദേശ രാജ്യങ്ങളിൽ കയർ ഭൂവസ്ത്രത്തിന്റെ ഉപയോഗം വിപുലമാക്കുന്നതിനായി വിവിധ പ്രദർശന മേളകളിൽ പങ്കെടുക്കുകയും ചെയ്യുന്നു. ഇതുകൂടാതെ, ക്രയവിലസ്ഥിരതാ പദ്ധതി പ്രകാരം ചെറുകിട സംഘങ്ങളിൽ നിന്നും സംഭരിക്കുന്ന കയർ ഭൂവസ്ത്രം കയറ്റുമതിക്കാർക്ക് വില്പന നടത്തുകയും ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ